## എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് അറുപത്തേഴ്

### പുത്രത്വത്തിന്റെ പൂർത്തീകരണം

Sat പുതിയനിയമത്തിൽ ദൈവത്തിന്റെ വെളിപാടിന്റെ ദൃഷ്ടികേന്ദ്രം പുത്രത്വമാണ്. പുത്രത്വമാണ് ദൈവത്തിന്റെ ആഗ്രഹം. തന്റെ പുത്രൻ മാതൃകയും മൂലരൂപവും ആയിത്തീരുന്നതിലൂടെ മാത്രമേ ദൈവത്തിന് പുത്രത്വത്തിനുവേണ്ടിയുള്ള തന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഈ മൂലരൂപം നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെടണം. നമ്മിലേക്കു പണിതു ചേർക്കപ്പെട്ടിരിക്കുന്നത് രക്ഷകനോ ദിവ്യജീവനോ മാത്രമല്ല, പിന്നയോ പുത്രത്വത്തിന്റെ, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ, മൂലരൂപം കൂടിയാണ്. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ഏകജാതനായ പുത്രനും ആദ്യജാതനായ പുത്രനും തമ്മിൽ വലിയൊരു വ്യത്യാസമുണ്ട്. ഏകജാതനായ പുത്രനോടുകൂടെ മനുഷ്യത്വം ഉണ്ടായിരുന്നില്ല. അവൻ ദിവ്യനായിരുന്നെങ്കിലും മനുഷ്യനായിരുന്നില്ല. എന്നാൽ അതിനു വിരുദ്ധമായി ആദ്യജാതനായ പുത്രനോടുകൂടെ ദിവ്യത്വവും മനുഷ്യത്വവും ഉണ്ട്, കാരണം അവൻ ദൈവപുത്രൻ മാത്രമല്ല, മനുഷ്യപുത്രനും ആണ്. മനുഷ്യപുത്രൻ തന്റെ പുനരുത്ഥാനത്തിലൂടെ പുത്രത്വത്തിലേക്കു കൊണ്ടുവരപ്പെട്ടിരിക്കുന്നു. ഇപ്പോൾ ദിവ്യത്വംകൊണ്ടും മനുഷ്യത്വംകൊണ്ടും സംരചിക്കപ്പെട്ടിരിക്കുന്ന ഈ ആദ്യജാതനായ പുത്രൻ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നു.

### പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടു

നാം പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നുവെന്ന് എഫെസ്യർ 1:5 പറയുന്നു. പുത്രത്വമാണ് നമ്മുടെ ദൈവകല്പിതം. നമ്മുടെ ദൈവകല്പിതം രക്ഷിക്കപ്പെടുക എന്നതല്ല. രക്ഷ ഒരു പ്രക്രിയയാണ്; അത് ലക്ഷ്യമല്ല, ലക്ഷ്യത്തിലെത്താനുള്ള വഴിയാണ്. ദൈവത്തിന്റെ ലക്ഷ്യം പുത്രത്വമാണ്. ദൈവത്തിന്റെ ക്ഷമയും, നീതീകരണവും, രക്ഷയും, വീണ്ടുംജനനവും എല്ലാം പുത്രത്വത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. നാം അവന്റെ പുത്രന്മാരാകേണ്ടതിന് ദൈവം നമ്മോടു ക്ഷമിക്കുകയും, നമ്മെ നീതീകരിക്കുകയും, നമ്മെ രക്ഷിക്കുകയും, നമ്മെ വീണ്ടുംജനിപ്പിക്കുകയും ചെയ്തു.

## വിശുദ്ധീകരണത്തിന്റെയും, രൂപാന്തരത്തിന്റെയും, അനുരൂപീകരണത്തിന്റെയും പ്രക്രിയ

പുത്രത്വത്തിന് ആരംഭവും പൂർത്തീകരണവും ഉണ്ട്. അത് വീണ്ടും ജനനത്തോടുകൂടെ ആരംഭിക്കുകയും തേജസ്കരണത്തോടുകൂടെ പൂർത്തിയാകുകയും ചെയ്യുന്നു. വീണ്ടുംജനനത്തിനും തേജസ്കരണത്തിനുമിടയിൽ വിശുദ്ധീകരണത്തിന്റെയും, രൂപാന്തരത്തിന്റെയും, അനുരൂപീകരണത്തിന്റെയും പ്രക്രിയയുണ്ട്. വിശുദ്ധീകരണത്തെക്കുറിച്ച് അനേകം ക്രിസ്ത്യാനികൾ കേട്ടിട്ടുണ്ട്. എന്നാൽ ക്രിസ്തുമതത്തിലുള്ള വിശുദ്ധീകരണത്തിന്റെ ധാരണ വേദപുസ്തകത്തിൽ കാണപ്പെടുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്. പദാവലിയും സാങ്കേതിക ഭാഷയും ഒന്നുതന്നെയാണെങ്കിലും, മനസ്സിലാക്കുന്നതിൽ അതിയായ വ്യത്യാസമുണ്ട്, കാരണം ഇന്നത്തെ ക്രിസ്തുമതത്തിന്റെ നിഘണ്ടു വേദപുസ്തക നിഘണ്ടുവിൽനിന്നും വ്യത്യസ്തമാണ്. വേദപുസ്തകത്തിലെ നിർമല വചനമനുസരിച്ച് വിശുദ്ധീകരണത്തിന്റെ അർഥം മൂലരൂപത്തിന്റെ മൂലകത്താൽ സാന്ദ്രീകരിക്കപ്പെടുന്നതാണ്. മൂലരൂപമായ ആദ്യജാതനായ പുത്രന്റെ മൂലകത്താൽ എത്രത്തോളം നാം സാന്ദ്രീകരിക്കപ്പെടുന്നുവോ, അത്രത്തോളം നാം ലോകത്തിൽനിന്ന് ദൈവത്തിങ്കലേക്ക് വേർപെട്ടവരാണ്. ഉപദേശങ്ങളാലോ അത്ഭുതങ്ങളാലോ അല്ല, വിശുദ്ധീകരണം മുഖാന്തരം മൂലരൂപത്തിന്റെ ദിവ്യവും മാനുഷികവുമായ പ്രകൃതംകൊണ്ട് അഭിവ്യാപിക്കപ്പെടുന്നതിനാൽ നാം ലോകത്തിൽനിന്ന് വേർപെട്ടിരിക്കുന്നു.

നമ്മുടെ മുഴുവൻ ആളത്തവും ഒരു കറുത്ത പുള്ളിപോലെയാണ്. ഒരു ദിവസം മൂലരൂപത്തിന്റെ അത്ഭുതകരമായ മൂലകം നമ്മുടെ ആത്മാവിലേക്കു വരികയും അതിനെ ശുദ്ധീകരിക്കുകയും ചെയ്തു. നമ്മുടെ ആളത്തത്തിന്റെ ബാക്കിയുള്ള ഭാഗം എങ്ങനെയാണ്? അത് ഇപ്പോഴും വളരെ ഇരുണ്ടതാണെന്ന് നാം സമ്മതിച്ചേ തീരൂ. നിങ്ങൾ നല്ലവനും, സാന്മാർഗ്ഗിയും, ധാർമ്മികനും, "ആത്മികൻ" പോലും ആണെന്ന് നിങ്ങളെക്കുറിച്ച് കരുതുന്നുണ്ടാകുമെങ്കിലും നിങ്ങൾ അപ്പോഴും ഇരുണ്ടതാണ്. ഒരുപക്ഷേ നിങ്ങൾ ഇരുണ്ട ഒരു ശവക്കല്ലറയിലാണ്. നിങ്ങൾ നല്ലതോ ചീത്തയോ, ശരിയോ തെറ്റോ, സാന്മാർഗ്ഗിയോ അസാന്മാർഗ്ഗിയോ, ധാർമ്മികനോ അധാർമ്മികനോ, "ആത്മികനോ" അനാത്മികനോ ആയാലും നിങ്ങളുടെ ആളത്തം അപ്പോഴും ഇരുണ്ടതാണ്. നിങ്ങളെ മറ്റുള്ളവർ ബന്ധപ്പെടുമ്പോഴെല്ലാം നിങ്ങളുടെ അതാര്യത അവർക്ക് ബോധ്യമാകുന്നു. നിങ്ങളുടെ മതത്തിന്റെയും ധർമശാസ്ത്രങ്ങളുടെയും ഇരുട്ടറയിൽ നിങ്ങൾ വസിക്കുകയും, നിങ്ങളെ സംബന്ധിച്ച് സുതാര്യമായ യാതൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്നു. നിങ്ങൾ അത്രമാത്രം ഇരുണ്ടവരും സുതാര്യരല്ലാത്തവരുമായതുകൊണ്ട്, മൂലരൂപത്തിന്റെ

അത്ഭുതകരമായ മൂലകം നിങ്ങളുടെ ആളത്തത്തെ സാന്ദ്രീകരിക്കുന്നതിലൂടെ നിങ്ങൾ വിശുദ്ധീകരിക്കപ്പെടേണ്ടത് ആവശ്യമാണ്. ക്രിസ്തു അധികമായി നിങ്ങളിലേക്ക് വ്യാപിക്കുമ്പോൾ അധികമായി നിങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും ലോകത്തിൽനിന്നും വേർതിരിക്കപ്പെടുകയും ചെയ്യും. ഇതാണ് വിശുദ്ധീകരണം.

രൂപാന്തരം വിശുദ്ധീകരണത്തോടു ബന്ധപ്പെട്ടിരിക്കുന്നു. നാം എത്രയധികം ക്രിസ്തുവിന്റെ മൂലകത്താൽ സാന്ദ്രീകരിക്കപ്പെടുന്നുവോ, അത്രയുമധികം നാം വിശുദ്ധീകരിക്കപ്പെടുകയും, എത്രയധികം നാം വിശുദ്ധീകരിക്കപ്പെടുന്നുവോ, അത്രയുമധികം നാം രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഞങ്ങൾ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ രൂപാന്തരം പുറമെയുള്ള മാറ്റമോ, ക്രമീകരണമോ, തിരുത്തലോ അല്ല. അത് ഉള്ളിലുള്ള ഒരു ചയാപചയ മാറ്റം, ജീവനിലും, പ്രകൃതത്തിലും, രൂപത്തിലുമുള്ള ഒരു മാറ്റമാണ്. വിശുദ്ധീകരണം രൂപാന്തരത്തിനുവേണ്ടിയും, രൂപാന്തരം അനുരൂപീകരണത്തിനുവേണ്ടിയും ആണ്. ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതിനായി നാം രൂപാന്തരപ്പെടണം (റോമ. 8:29). കർത്താവിന്റെ കരുണയാൽ, നാം വിശുദ്ധീകരിക്കപ്പെട്ടും, രൂപാന്തരപ്പെട്ടും, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടുംകൊണ്ട് ശരിയായ സഭാജീവിതത്തിലാണ്. ഇത് സന്മാർഗ്ഗിയും, ധാർമ്മികനും, "ആത്മികൻ"പോലും ആയിരിക്കുന്നതിനെക്കാൾ ആഴമേറിയതും, ഉയർന്നതും, അഗാധവും ആണ്. ആത്മികതയെന്നു വിളിക്കപ്പെടുന്നതിനെ സംബന്ധിച്ച ചില ഉപദേശങ്ങൾ വെറും മായയാണ്. നിർവ്യാജമായ ആത്മികത അനുരൂപപ്പെടുന്നതാണ്. ആത്മികനായിരിക്കുന്നത് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതിനെ ആശ്രയിച്ചിരിക്കുന്നു. യാതൊരു മാനുഷിക പരിശ്രമത്തിനോ പ്രയത്നത്തിനോ അനുകരണത്തിനോ ഇത് ഉല്പാദിപ്പിക്കുവാൻ കഴിയുകയില്ല. ഉൾവസിക്കുന്ന മൂലരൂപത്തിനു മാത്രമേ, നമ്മിൽ സ്വയംപ്രവർത്തിക്കുന്ന യഥാർഥവാനും ജീവനുള്ളവനുമായ ദൈവത്തിന്റെ ആദ്യജാതനായ പുത്രനു മാത്രമേ ഇത് ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. ജീവപ്രമാണത്താൽ അവൻ നമ്മിൽ പ്രവർത്തിക്കുമ്പോൾ അവൻ തുടർച്ചയായി ഉള്ളിൽനിന്നും നമ്മെ അഭിഷേകം ചെയ്യുന്നു.

## ന്യായപ്രമാണവും പ്രവാചകന്മാരും

ജീവപ്രമാണവും അഭിഷേകവുമനുസരിച്ച് നാം ദൈവത്തിന്റെ പുത്രന്മാരായതുകൊണ്ട് നാം ദൈവത്തിന്റെ ജനമാണ്. ജീവപ്രമാണവും അഭിഷേകവുമനുസരിച്ച് ദൈവം നമ്മുടെ ദൈവമാണ്. പ്രാചീനകാലങ്ങളിൽ ജാതികളുടെ ഇടയിൽനിന്നും തന്റെ ജനമായ യിസ്രായേൽമക്കളെ ദൈവം വിളിക്കുകയും

അവർക്ക് ന്യായപ്രമാണം കൊടുക്കുകയും ചെയ്തു. ദൈവം അവരുടെ ദൈവവും, അവർ പുറമെയുള്ള അക്ഷരങ്ങളുടെ പ്രമാണമനുസരിച്ച് അവന്റെ ജനവും ആയിരുന്നു. അവർ ന്യായപ്രമാണവുമായി ശരിയായിരുന്നുവെങ്കിൽ, അവർ ദൈവവുമായി ശരിയായിരുന്നു. ജനം ന്യായപ്രമാണത്തിൽനിന്നും വഴിമാറിപ്പോയതിനാൽ, പ്രവാചകന്മാർ കടന്നുവന്നു. ഇക്കാരണത്താൽ, ന്യായപ്രമാണവും പ്രവാചകന്മാരും ചേരുന്നതാണ് പഴയനിയമം.

ന്യായപ്രമാണം ദൈവത്തിന്റെ മാറ്റമില്ലാത്ത പ്രകൃതത്തോട് യോജിക്കുന്നു. കാലത്തിലും നിത്യതയിലും ദൈവത്തിന്റെ പ്രകൃതിനു മാറ്റമുണ്ടായിരിക്കുകയില്ല. ന്യായപ്രമാണത്തിന് മാറ്റമുണ്ടാകുന്നില്ലെങ്കിലും, പ്രവാചകന്മാർക്ക് മാറ്റമുണ്ടാകുന്നു. ദൈവത്തിന്റെ പ്രവാചകൻ ഇന്ന് ഒരു കാര്യം പറയുകയും നാളെ വിപരീതമായ ഒരു കാര്യം പറയുകയും ചെയ്തേക്കാം. ഒരു സ്ഥലത്തേക്ക് ഇന്നു പോകുന്ന കാര്യത്തെക്കുറിച്ച് നിങ്ങൾ ഒരു പ്രവാചകനോട് ആലോചന ചോദിക്കുന്നുവെങ്കിൽ, പോകുന്നതിനു കുഴപ്പമില്ല എന്ന് അവൻ പറഞ്ഞേക്കാം, എന്നാൽ അതേ ചോദ്യം നാളെ നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, പോകരുതെന്ന് അവൻ നിങ്ങളോടു പറഞ്ഞേക്കും. ദൈവം ജീവനുള്ളവനാണ്. ജീവനുള്ള ദൈവമെന്ന നിലയിൽ, ഇന്ന് ഒരു കാര്യം പറയാനും നാളെ മറ്റൊരു കാര്യം പറയാനും അവൻ പൂർണ്ണാധികാരമുള്ള ഉന്നതനായ വ്യക്തിയാണ്. ഇതു നിമിത്തം പ്രവാചകന്റെ വാക്ക് മാറാം. ന്യായപ്രമാണം ദൈവത്തിന്റെ പ്രകൃതത്തിനനുസരിച്ചും പ്രവാചകന്മാർ ദൈവത്തിന്റെ പ്രവർത്തനത്തിന്, ദൈവത്തിന്റെ നീക്കത്തിന് അനുസരിച്ചുമാണ്. ഇന്നു നിങ്ങൾ ആയിരിക്കുന്നിടത്ത് തങ്ങണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടാകാം, എന്നാൽ നാളെ മറ്റൊരിടത്തേക്കു നിങ്ങൾ പോകണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടാകും. ന്യായപ്രമാണം എല്ലാവർക്കും എപ്പോഴും ഒന്നുതന്നെയാണ്. ഉദാഹരണത്തിന്, നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കണമെന്ന് ന്യായപ്രമാണം നിങ്ങളോടു കല്പിക്കുന്നു. ഇന്നു നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കണമെന്നും നാളെ നിങ്ങൾ അവരെ വെറുക്കണമെന്നും ദൈവം ഒരിക്കലും പറയുകയില്ല. ഇല്ല, ന്യായപ്രമാണം സ്ഥിരമായി നിലനിൽക്കുന്നു. എന്നാൽ നിങ്ങൾ പഴയനിയമം വായിക്കുന്നുവെങ്കിൽ, പ്രവാചകന്മാർ അന്യോന്യം വ്യത്യസ്തരായിരുന്നു എന്നു നിങ്ങൾ കാണും. പ്രാചീന കാലങ്ങളിൽ ദൈവം തന്റെ ജനത്തിന് ന്യായപ്രമാണവും പ്രവാചകന്മാരുമനുസരിച്ച് ദൈവമായിരിക്കുകയും, ദൈവത്തിന്റെ ജനം അവന് ന്യായപ്രമാണവും പ്രവാചകന്മാരുമനുസരിച്ച് ജനമായിരിക്കുകയും ചെയ്തു.

LD — പഴയനിയമത്തിലെ ന്യായപ്രമാണത്തോടും പ്രവാചകന്മാരോടും യോജിക്കുന്ന എന്താണ് നമുക്ക് പുതിയനിയമത്തിലുള്ളത്?

ന്യായപ്രമാണത്തിനുവേണ്ടി നമുക്ക് ജീവന്റെ പ്രമാണവും, പ്രവാചകന്മാർക്കുവേണ്ടി നമുക്ക് അഭിഷേകവും ഉണ്ട്. ഇന്ന്, ദൈവം നമുക്ക് ദൈവമായിരിക്കുന്നത് ഉള്ളിലെ ജീവപ്രമാണമനുസരിച്ചും അഭിഷേകമനുസരിച്ചും, നാം അവന്റെ ജനമായിരിക്കുന്നത് ഉള്ളിലെ ജീവപ്രമാണമനുസരിച്ചും അഭിഷേകമനുസരിച്ചുമാണ്. ഉള്ളിലെ ജീവപ്രമാണം ദൈവത്തിന്റെ പ്രകൃതത്തോടു യോജിക്കുകയും, അഭിഷേകം ദൈവത്തിന്റെ നീക്കത്തോട് യോജിക്കുകയും ചെയ്യുന്നു. ജീവപ്രമാണം എപ്പോഴും മാറ്റമില്ലാതെ തുടരുന്നു. ജീവപ്രമാണത്തെ സംബന്ധിച്ചിടത്തോളം നിങ്ങളോടുകൂടെയോ മറ്റുള്ളവരോടുകൂടെയോ അതിന് യാതൊരു മാറ്റവുമില്ല. ഇന്നു രാത്രി നിങ്ങൾ ഒരു സിനിമയ്ക്കു പോകുവാൻ തുനിയുന്നുവെങ്കിൽ, ഉള്ളിലെ പ്രമാണം നിങ്ങളെ തടുക്കും. നാളെയും മറ്റേതൊരു സമയത്തും അതു നിങ്ങളെ തടുക്കും. എന്നാൽ അഭിഷേകത്തിന് മാറ്റമുണ്ടാകാം. ഇന്നു രാത്രി ഡിപ്പാർട്ട്മെന്റ് സ്റ്റോറിലേക്കു പോകുവാൻ അഭിഷേകം നിങ്ങളെ അനുവദിക്കാതിരിക്കാം, എന്നാൽ നാളെ പോകുവാൻ നിങ്ങളെ പ്രോത്സാഹിപ്പിച്ചേക്കാം. ജീവപ്രമാണം ഒരു അലങ്കാര വിളക്കു വാങ്ങിക്കുവാൻ നിങ്ങളെ ഒരിക്കലും അനുവദിക്കാതിരിക്കുമ്പോൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറിലേക്കു പോകുവാൻ അഭിഷേകം നിങ്ങളെ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്തേക്കാം. അതിലുപരി, അഭിഷേകം ഒരു സഹോദരനെ ഷോപ്പിംഗിനു പോകുവാൻ അനുവദിക്കുകയും, എന്നാൽ മറ്റൊരു സഹോദരനെ അതേ കാര്യം ചെയ്യുന്നതിന് തടയുകയും ചെയ്തേക്കാം. അഭിഷേകം മാറുന്നുവെന്ന് ഇതിനാൽ നാം കാണുന്നു. കുറ്റംവിധിക്കുന്ന ഒരു രീതിയിൽ നിങ്ങളോടു സംസാരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, "അരുത്, അങ്ങനെ പറയരുത്" എന്ന് ജീവപ്രമാണം എപ്പോഴും പറയും. എന്നാൽ ഇന്നു രാത്രിയിലെ യോഗത്തിൽ എബ്രായലേഖനത്തിൽനിന്നു ഞാൻ സംസാരിക്കണമോ വേണ്ടയോ എന്നത് അഭിഷേകത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്നു രാത്രി നാല്പത്തഞ്ചു മിനിറ്റ് എബ്രായലേഖനത്തിൽനിന്നു സംസാരിക്കുവാൻ അഭിഷേകം എന്നെ പ്രോത്സാഹിപ്പിച്ചേക്കാം, എന്നാൽ അടുത്ത യോഗത്തിൽ "ഈ യോഗത്തിൽ ഒന്നും സംസാരിക്കരുത്, സ്വസ്ഥനായിരിക്കുക" എന്ന് അഭിഷേകം പറഞ്ഞേക്കാം. ഈ ഉദാഹരണങ്ങളിലൂടെയെല്ലാം നാം കാണുന്നത് ന്യായപ്രമാണം മാറ്റമില്ലാതെ തുടരുന്നുവെന്നും എന്നാൽ അഭിഷേകം സ്ഥിരമായി മാറുന്നു എന്നുമാണ്. ഈ പ്രമാണത്തിനും ഈ അഭിഷേകത്തിനും അനുസരിച്ചാണ് നാം ദൈവത്തിന് ജനമായിരിക്കുന്നതും ദൈവം നമുക്ക് ദൈവമായിരിക്കുന്നതും. മതത്തിൽനിന്ന് എത്ര വ്യത്യസ്തം! ഇവിടെ പുറമെയുള്ള ചട്ടങ്ങളോ, രൂപങ്ങളോ, അനുഷ്ഠാനങ്ങളോ, നിയന്ത്രണങ്ങളോ ഇല്ല. ജീവപ്രമാണവും അഭിഷേകവും മാത്രമേയുള്ളൂ.

ഏകദേശം പതിന്നാലു വർഷങ്ങൾക്കുമുമ്പ് ന്യൂയോർക്കിലുള്ള ഒരു യെഹൂദ സഹോദരന്റെ വീട്ടിലേക്ക് എന്നെ ക്ഷണിച്ചിരുന്നു. അവന്റെ പശ്ചാത്തലം ആചാരനിഷ്ഠനായ ശരിയായ ഒരു യെഹൂദന്റേതായിരുന്നു. ആചാരനിഷ്ഠനായ ഒരു യെഹൂദൻ പഴയനിയമത്തിലെ ഒരു വാക്യമനുസരിച്ചാകും സകലവും ചെയ്യുന്നതെന്ന് അവൻ എന്നോടു പറഞ്ഞു. അവർ രാത്രി ഉറങ്ങാൻ പോകുമ്പോൾ, പഴയനിയമത്തിലെ ഒരു വാക്യമനുസരിച്ച് അവരുടെ ചെരുപ്പുകൾപോലും ഒരു പ്രത്യേക ദിശയിൽ വയ്ക്കണം. അവർ വളരെ "തിരുവെഴുത്തിൻപ്രകാരമുള്ളവരും" മതപരവുമാണ്. അവരുടെ ഇടയിൽ നിരവധി ചട്ടങ്ങളുണ്ടെങ്കിലും ജീവനില്ല. ആചാരനിഷ്ഠരായ ഈ യെഹൂദന്മാർ ചിന്തിക്കുന്നത് അവരുടെ മതപ്രകാരം അവർ ദൈവത്തിന്റെ ജനമാണെന്നും, ദൈവം അവരുടെ ദൈവമാണെന്നും ആകുന്നു. വാസ്തവത്തിൽ, ദൈവം അവരിൽനിന്നും വളരെ അകലെയാണ്. അവരുടെ രീതിയനുസരിച്ച് ദൈവം അവരുടെ ദൈവവും അവർ അവന്റെ ജനവുമല്ല. എന്നാൽ ഇന്ന് ജീവപ്രമാണവും അഭിഷേകവുമനുസരിച്ച് ദൈവം നമ്മുടെ ദൈവമാണ്.

## ജീവപ്രമാണത്തിനും അഭിഷേകത്തിനും എതിരായി ചട്ടങ്ങളും വ്യവസ്ഥിതിയും

ഉപദേശപരമായി ഈ വിഷയങ്ങളെക്കുറിച്ച് നമുക്ക് വ്യക്തത ഉണ്ടായിരിക്കാമെങ്കിലും, അനുഭവപരമായി അവയെക്കുറിച്ച് വ്യക്തത ഉണ്ടായിരിക്കണമെന്നില്ല. സഭാജീവിതത്തിൽ നാം ജീവപ്രമാണമനുസരിച്ച് ജീവിക്കുകയും, അഭിഷേകമനുസരിച്ച് നീങ്ങുകയും വേണം; എന്നാൽ ക്രമേണ നാം ചട്ടങ്ങൾക്കനുസരിച്ച് ജീവിക്കുവാനും വ്യവസ്ഥിതിപ്രകാരം നീങ്ങുവാനും ഇടവന്നു. ആരംഭത്തിൽ സഭാജീവിതം ഇങ്ങനെയായിരുന്നില്ല. അത് ജീവനുള്ളതായിരിക്കുകയും, നാം ജീവപ്രമാണത്തിനനുസരിച്ച് ജീവിക്കുകയും അഭിഷേകത്തിനനുസരിച്ച് നീങ്ങുകയും ചെയ്തിരുന്നു. എന്നാൽ ക്രമേണ, ജീവപ്രമാണമനുസരിച്ചുള്ള നമ്മുടെ ജീവിതം ഒരു ശീലമായി വളരുകയും, ശീലം ഒരു ചട്ടമായിത്തീരുകയും ചെയ്തു. അങ്ങനെ, ഇന്ന് നാം ചട്ടങ്ങൾക്കനുസരിച്ചു ജീവിക്കുകയും, വ്യവസ്ഥിതിപ്രകാരം നീങ്ങുകയും ചെയ്യുന്നു. നാം വ്യവസ്ഥിതിയിൻ പ്രകാരമായിത്തീർന്നതുകൊണ്ട് അഭിഷേകത്തെ അവഗണിക്കുന്നു. ഏതെങ്കിലും ക്രമീകരണത്താലോ വ്യവസ്ഥിതിയാലോ അല്ല, മറിച്ച് അഭിഷേകമനുസരിച്ച് യോഗസ്ഥലം വൃത്തിയാക്കുവാൻ പ്രിയപ്പെട്ടവർ കടന്നുവരുന്നതു കാണുവാൻ ഞാൻ എത്ര വാഞ്ഛിക്കുന്നു! സേവനകൂട്ടങ്ങളിൽ ആരാണ് ഒന്നാമൻ, രണ്ടാമൻ, അല്ലെങ്കിൽ ഒടുക്കത്തവൻ എന്നു നാം ശ്രദ്ധിക്കുന്നുവെങ്കിൽ നമുക്ക് ഒരു വ്യവസ്ഥിതി ഉണ്ടായിരിക്കും.

ഒരു വ്യവസ്ഥിതിയിൽ പ്രാർഥിക്കുകയും, കർത്താവിനെ ബന്ധപ്പെടുകയും, അഭിഷേകമനുസരിച്ച് നീങ്ങുകയും ചെയ്യേണ്ട ആവശ്യമില്ല, കാരണം സകലവും ക്രമീകരിക്കപ്പെടുകയും, എന്തു ചെയ്യണമെന്നും എപ്പോൾ ചെയ്യണമെന്നും നമ്മോടു പറഞ്ഞുമിരിക്കുന്നു. "ഞാൻ ഒന്നാമനുമല്ല, ഒടുക്കത്തവനുമല്ല. ഞാൻ ചെയ്യുന്നതെല്ലാം ശരിയായിരിക്കും. സമയം പരസ്യം ചെയ്തു കഴിഞ്ഞതുകൊണ്ട്, ഏതു സമയത്തു വൃത്തിയാക്കണമെന്നതിനെക്കുറിച്ച് ഞാൻ കർത്താവിലേക്കു നോക്കേണ്ട ആവശ്യമില്ല. ഞാൻ അല്പസമയം താമസിച്ചുപോയാലും അത് യാതൊരു വ്യത്യാസവും ഉണ്ടാക്കുകയില്ല" എന്ന് നേതൃത്വത്തിലല്ലാത്ത ഒരു സഹോദരൻ പറഞ്ഞേക്കാം. ഈ സഹോദരൻ എത്തുമ്പോൾ, എന്തു ചെയ്യണമെന്ന് അവനോടു പറയുന്നതും കാത്ത് അവൻ നിൽക്കും. നേതൃത്വമെടുക്കുന്നവൻ വരുന്നില്ലെങ്കിൽ, എങ്ങനെ പ്രവർത്തിക്കണമെന്ന് അവനറിയില്ല. ഈ സേവനമല്ല നാം പുതിയനിയമത്തിൽ കാണുന്നത്.

## പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ജീവിതം

പുതിയനിയമമനുസരിച്ച് ജീവപ്രമാണം നമ്മുടെ ആളത്തത്തിലേക്ക് എഴുതപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ എഴുതിയവൻതന്നെ നമ്മിലുണ്ട്. നമ്മിൽ വരുന്നതിലൂടെ അവൻ തന്റെ പ്രകൃതത്തെയും താനെന്ന വ്യക്തിയെയും നമ്മിലേക്കു കൊണ്ടുവരുന്നു. പ്രകൃതം പ്രവർത്തിക്കുകയും വ്യക്തി നീങ്ങുകയും ചെയ്യുന്നു. ഇക്കാരണത്താൽ, അവന്റെ പ്രകൃതമനുസരിച്ച് നാം ജീവിക്കുകയും അവനെന്ന വ്യക്തിക്കനുസരിച്ച് നാം നീങ്ങുകയും വേണം. അവന്റെ നീക്കത്തിനനുസരിച്ച് നാം യോഗസ്ഥലം വൃത്തിയാക്കണം. സഭാസേവനത്തിലുള്ള നിങ്ങളുടെ സ്ഥാനത്തെ ശ്രദ്ധിക്കരുത്. നിങ്ങളുടെ ഉള്ളിൽ ജീവിക്കുന്ന വ്യക്തിയെ മാത്രം ശ്രദ്ധിക്കുക. ഇതാണ് പുതിയനിയമത്തിൽ കാണപ്പെടുന്ന ജീവിതം. പഴയനിയമവുമായി താരതമ്യം ചെയ്താൽ പുതിയനിയമം വളരെ ചെറുതാണ്. പഴയനിയമത്തിന് ആയിരത്തിനടുത്ത പേജുകളുണ്ടെങ്കിലും പുതിയനിയമത്തിന് മുന്നൂറിൽ താഴെ പേജുകളേയുള്ളൂ. ക്രിസ്തുമതം ഉപദേശങ്ങളുടെയും അത്ഭുതങ്ങളുടെയും ഒരു മതമായിത്തീർന്നിരിക്കുന്നു. നമുക്ക് മതത്തിൽ കണ്ടുവരുന്ന ഉപദേശങ്ങളുടെയും അത്ഭുതങ്ങളുടെയും ആവശ്യമില്ലെന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം തിരിച്ചറിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നാം ക്രിസ്തുവിന്റെ അത്ഭുതകരമായ പ്രകൃതത്തിനനുസരിച്ച് ജീവിക്കുകയും അവനെന്ന അത്ഭുതകരമായ വ്യക്തിക്കനുസരിച്ച് നീങ്ങുകയും വേണം. ചട്ടങ്ങളിലോ ക്രമീകരണങ്ങളിലോ വ്യവസ്ഥിതിയിലോ ആശ്രയിക്കരുത്. നിങ്ങളുടെ ഉള്ളിലുള്ള

ജീവിക്കുന്ന വ്യക്തിക്കനുസരിച്ച് നീങ്ങുകയും പ്രവർത്തിക്കുകയും ചെയ്യുക. നാം ഇങ്ങനെ ചെയ്യുന്നുവെങ്കിൽ, നാം ദൈവത്തെ ആസ്വദിക്കുകയും അവന്റെ ജനമായിത്തീരുകയും, ദൈവം നമുക്ക് അത്രത്തോളം ജീവനുള്ളവനും സമ്പന്നനും ആസ്വാദ്യവാനുമായിത്തീരുകയും ചെയ്യും. ചട്ടങ്ങൾക്കനുസരിച്ചല്ല, ഉള്ളിലെ ജീവപ്രമാണത്തിനും അഭിഷേകത്തിനുമനുസരിച്ച് അവൻ നമ്മുടെ ദൈവമായിരിക്കും. ഇതാണ് അത്ഭുതവാനായവന്റെ ദിവ്യവും മാനുഷികവുമായ പ്രകൃതത്തിന്റെ പ്രവർത്തനം.

## മതത്തിൽനിന്നും രക്ഷ പ്രാപിക്കേണ്ട ആവശ്യം

ഞാൻ എന്തുകൊണ്ടാണ് മതത്തിന് വിരോധമായിരിക്കുന്നതെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. അത് ഞാൻ നിരവധി കാര്യങ്ങളിലൂടെ, പ്രത്യേകിച്ചും അന്യഭാഷകളിലെ ഉപദേശങ്ങളിലൂടെയും സംസാരത്തിലൂടെയും, കടന്നുപോയിട്ടുള്ളതു കൊണ്ടാണ്. കഴിഞ്ഞ കാലങ്ങളിൽ അന്യഭുഷകളിൽ എങ്ങനെ സംസാരിക്കണമെന്ന് ഞാൻ നിരവധി ആളുകളെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അല്പകാലത്തിനുശേഷം അന്യഭാഷ ജനത്തെ താൽക്കാലികമായി മാത്രം ഉത്തേജിപ്പിക്കുന്നുവെന്നും, അതിന്റെ ഫലം അത്രത്തോളം ജീവന്റേതല്ലായിരുന്നുവെന്നും ഞാൻ കണ്ടു. ഞാൻ അടിസ്ഥാനപരമായ ക്രിസ്തുമതത്തിലും ഉണ്ടായിരുന്നു, അവിടെ ഞാൻ വേദപുസ്തക ഉപദേശങ്ങൾ പഠിച്ചു. നാല്പത്തഞ്ചിലധികം വർഷങ്ങൾക്കു മുമ്പ് ഞാൻ എല്ലാ മുൻകുറികളെയും, ഉപദേശങ്ങളെയും, പ്രവചനങ്ങളെയും സംബന്ധിച്ച് പരിചയമുള്ളവനായിത്തീർന്നു. ഈ ഉപദേശങ്ങൾ ഏഴര വർഷത്തേക്ക് എന്നെ നിഷ്ക്രിയനാക്കി. ഇതുനിമിത്തം, അക്ഷരങ്ങളിലുള്ള ഉപദേശം നമുക്കാവശ്യമില്ലെന്ന് പ്രഖ്യാപിക്കാനുള്ള നിശ്ചയമായ നിൽപ്പ് എനിക്കുണ്ട്. ഒരു നിശ്ചിത സമയത്തിനുശേഷം ഞാൻ പെന്തക്കോസ്തു പ്രസ്ഥാനവുമായി ബന്ധമുള്ളവനായിത്തീർന്നു. ഇപ്പോൾ കർത്താവിന്റെ ജനത്തിന് ജീവനായി ക്രിസ്തുവിനെ ശുശ്രൂഷിക്കുവാൻ കർത്താവിനാൽ ഞാൻ നിയോഗിക്കപ്പെടുകയും ഭാരം ലഭിക്കുകയും ചെയ്തിരിക്കുന്നു. മറ്റു കാര്യങ്ങളിൽനിന്നും പൂർണമായി നിങ്ങൾ രക്ഷ പ്രാപിച്ചതിനുശേഷം മാത്രമേ എന്റെ ഭാരം വിടുവിക്കപ്പെടുകയുള്ളൂ. നിങ്ങൾ എത്രമാത്രം വിടുവിക്കപ്പെടണമെന്ന് ആത്മാവ് അറിയുന്നു. ക്രിസ്തുമതത്തിലുള്ളവർ മാത്രമല്ല, സഭാജനവും പുത്രത്വത്തെ അറിയേണ്ട ആവശ്യമുണ്ട്. നമ്മുടെ ഉള്ളിൽ പുത്രത്വത്തെ പൂർത്തീകരണത്തിലേക്ക് കൊണ്ടുവരാനുള്ള ഏക മാർഗം ജീവൻ മാത്രമാണെന്നു നാം കാണണം. നമ്മുടെ ഉള്ളിലെ ജീവപ്രമാണത്തിന്റെ പ്രവർത്തനം പുത്രത്വത്തെ നിർവഹിക്കുന്നതിനു വേണ്ടിയാണ്.

## Mon — അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുന്ന ദൈവത്തിന്റെ മാർഗം

അനേകം പുത്രന്മാരെ ദൈവം തേജസ്സിലേക്കു നയിക്കുന്നുവെന്ന് എബ്രായർ 2:10 പറയുന്നു. ദൈവം എങ്ങനെ അനേകം പുത്രന്മാരെ തേജസ്സിലേക്കു കൊണ്ടുവരും? എല്ലാ ക്രിസ്ത്യാനികളെയും പെട്ടെന്ന് തേജസ്സിലേക്ക് കൊണ്ടുപോകുന്നതുവരെ ദിനംപ്രതി അവരെല്ലാവരും ഇങ്ങനെതന്നെ തുടരുമോ? തീർച്ചയായും ഇല്ല! പുനരുത്ഥാനം ഒരു ചെടിയുടെ വളർച്ചപോലെയാണെന്ന് 1 കൊരിന്ത്യർ 15-ൽ പൗലൊസ് പറയുന്നു. ഒരു വിത്ത് മണ്ണിൽ പാകിയശേഷം, അതു ചാകുകയും വളരാൻ ആരംഭിക്കുകയും ചെയ്യുന്നു. ആദ്യം ചെടി മൃദുവായ ഒരു മുളയാണ്. ഈ മൃദുവായ മുള പക്വതപ്രാപിക്കുകയും പുഷ്പിക്കുകയും ചെയ്യുന്നതുവരെ വളരണം. പുഷ്പിക്കലാണ് അതിന്റെ തേജസ്കരണം. ഒരു കൂണു പോലെ ചെടി പെട്ടെന്ന് തേജസ്കരിക്കപ്പെടുന്നില്ല. ഇല്ല, അതു ക്രമേണയുള്ള അതിന്റെ വളർച്ചയാൽ തേജസ്കരിക്കപ്പെടുന്നു. അതുപോലെ, നാം എല്ലാവരും വീണ്ടുംജനിച്ചു, ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്നു. തേജസ്കരിക്കപ്പെടുവാൻ കഴിയുന്നതിനുമുമ്പ് വളരെയേറെ പോകാനുള്ള മൃദുവായ മുളകളെപ്പോലെയാണ് അനേകരും. വീണ്ടുംജനനത്തിനും തേജസ്കരണത്തിനുമിടയിലുള്ള അകലം വിശുദ്ധീകരണത്തിന്റെയും, രൂപാന്തരത്തിന്റെയും, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോടുള്ള അനുരൂപീകരണത്തിന്റെയും പ്രക്രിയ ഉൾക്കൊള്ളുന്നു. വർഷങ്ങളായി ജീവനിൽ വളർന്ന നമ്മിൽ വളരെ കുറച്ചുപേർ തേജസ്കരണത്തിന്റെ വക്കിലാണ്. അവർ പുഷ്പിക്കുവാൻ ഒരുങ്ങിയിരിക്കുന്നു. നിങ്ങൾ എങ്ങനെയാണ്? നിങ്ങൾ ഇപ്പോഴും മൃദുവായ ഒരു മുളയാണെങ്കിൽ, പുഷ്പിക്കുവാൻ ഒരുങ്ങിയിട്ടില്ല. പക്വതയിൽ എത്തുന്നതുവരെ വളരുന്നത് നിങ്ങൾ തുടർന്നുകൊണ്ടിരിക്കണം. അപ്പോൾ, നിങ്ങളുടെ പക്വതയുടെ സമയത്ത്, നിങ്ങൾ തേജസ്കരണത്തിലേക്ക് പുഷ്പിക്കും. ഈ രീതിയിൽ ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കും.

## തേജസ്കരണം—പുത്രത്വത്തിന്റെ പൂർത്തീകരണം

ഈ ഘട്ടത്തിൽ, നാം റോമർ 8:29-ഉം 30-ഉം വായിക്കേണ്ടത് ആവശ്യമാണ്. "എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു. അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു." "അവൻ നീതീകരിച്ചവരെ അവൻ സ്വർഗത്തിലേക്കു കൊണ്ടുപോകുന്നു"

എന്ന് വാക്യം 30 പറയുന്നില്ല. ഇല്ല, അതു പറയുന്നത്, "അവരെ അവൻ തേജസ്കരിച്ചിരിക്കുന്നു" എന്നാണ്. റോമർ 8:16-ഉം 17-ഉം കൂടി നാം വായിക്കണം. "നാം ദൈവമക്കൾ ആകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ഒരു വശത്ത്, ദൈവത്തിന്റെ അവകാശികൾ; മറുവശത്ത്, ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് തീർച്ചയായും നാം അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നെങ്കിലത്രേ." വാക്യം 17 നമ്മെ സ്വർഗത്തിലേക്കു കൊണ്ടുപോകേണ്ടതിനെന്ന് പറയുന്നില്ല. ഇല്ല, അതു പറയുന്നത് "നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്" എന്നാണ്. ലക്ഷ്യം തേജസ്കരണമാണ്. ഈ തേജസ്കരണമാണ് അനുരൂപീകരണത്തിന്റെ തികവും പൂർത്തീകരണവും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, തേജസ്കരണം പുത്രത്വത്തിന്റെ തികവും പൂർത്തീകരണവുമാണ്. പുത്രത്വം നമ്മിൽ ആരംഭിച്ചിരിക്കുന്നുവെങ്കിലും, അത് തികവും പൂർത്തീകരണവും പ്രാപിച്ചിട്ടില്ല. ഇപ്പോൾ നാം വിശുദ്ധീകരണത്തിന്റെയും, രൂപാന്തരത്തിന്റെയും, അനുരൂപീകരണത്തിന്റെയും പ്രക്രിയയിലൂടെ കടന്നുപോകുകയാണ്. ഉൾവസിക്കുന്ന അത്ഭുതവാനായവനാൽ നാം ദിവസവും സാന്ദ്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ആളത്തത്തിന്റെ ഓരോ ഭാഗത്തിലേക്കും വ്യാപിക്കുവാനുള്ള അവസരത്തിനായി അവൻ എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. നാം വിശുദ്ധീകരിക്കപ്പെടുകയും, രൂപാന്തരപ്പെടുകയും, അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും, പുത്രത്വത്തിന്റെ തികവിലും പൂർത്തീകരണത്തിലും എത്തുകയും ചെയ്യുവോളം നമ്മെ സാന്ദ്രീകരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഇതാണ് ദൈവം ഇന്ന് ആഗ്രഹിക്കുന്നത്.

ഇത് ശരിയുടെയോ തെറ്റിന്റെയോ, നിഗളത്തിന്റെയോ താഴ്മയുടെയോ, ധാർമ്മികതയുടെയോ അധാർമ്മികതയുടെയോ കാര്യമല്ല. ഇത് "ആത്മികനോ" അനാത്മികനോ എന്ന കാര്യംപോലുമല്ല. ഇവയൊന്നും ദൈവം ശ്രദ്ധിക്കുന്നില്ല. മുപ്പതു വർഷങ്ങൾക്കു മുമ്പ് ആത്മികത അന്വേഷിക്കുന്ന ചില ആളുകളോടുകൂടെ ഞാൻ ഉണ്ടായിരുന്നു. ഞങ്ങൾ എത്രമാത്രം അതിനെ പിൻപറ്റുന്നുവോ, അത്രയുമധികം അതു ഞങ്ങളെ ഒഴിഞ്ഞുപോയി. "ആത്മികതയെ" പിൻപറ്റുന്നതുപോലും വ്യർഥമാണ്. ദൈവത്തിന്റെ ഉദ്ദേശ്യം നമ്മെ തന്റെ പുത്രനോട് അനുരൂപപ്പെടുത്തുക എന്നതാണ്. മൂലരൂപമായ അവന്റെ പുത്രൻ നമ്മിലേക്കു പണിതുചേർക്കപ്പെട്ടിരിക്കുന്നു; തന്റെ മൂലകത്താൽ നമ്മെ സാന്ദ്രീകരിക്കുവാനുള്ള അവസരത്തിനായി അവൻ കാത്തിരിക്കുന്നു. അവന്റെ പ്രകൃതത്തിനനുസരിച്ച് ജീവിക്കുകയും അവനെന്ന വ്യക്തിക്കനുസരിച്ച് നീങ്ങുകയും ചെയ്തുകൊണ്ട് നാം അവനുമായി സഹകരിക്കണം. നാം

പറയണം, "കർത്താവേ, ആത്മികതയ്ക്കുവേണ്ടി ഞാൻ കരുതുന്നില്ല. നിന്റെ പ്രകൃതത്തിനനുസരിച്ച് ജീവിക്കുകയും നിന്റെ വ്യക്തിക്കനുസരിച്ച് നീങ്ങുകയും ചെയ്യുവാൻ മാത്രം ഞാൻ ആഗ്രഹിക്കുന്നു." കർത്താവിന്റെ കരുണയാൽ, വർഷങ്ങളായി ഞാൻ ഈ രീതിയിൽ ജീവിക്കുകയും നീങ്ങുകയും ചെയ്തുവരുന്നു. ഇതിനുവേണ്ടി എനിക്കു ലഭിച്ചത് കുറ്റാരോപണം മാത്രമാണ്. മതപരമായ കാര്യങ്ങൾക്ക് ഇടംകൊടുക്കുവാൻ ഞാൻ വിസമ്മതിച്ചതുകൊണ്ട് ഞാൻ കുറ്റംവിധിക്കപ്പെട്ടിരിക്കുന്നു. ഉപദേശങ്ങളിലൂടെയും പെന്തക്കോസ്തുപരമായ കാര്യങ്ങളിലൂടെയും കടന്നുപോയതിനാൽ, അത് ഫലം ചെയ്യുകയോ നമുക്ക് ജീവസഹായം നൽകുകയോ ചെയ്യുന്നില്ലെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഒരു ചെറിയ അളവോളം അവയ്ക്ക് നമ്മെ സഹായിക്കുവാൻ കഴിഞ്ഞേക്കാമെങ്കിലും, അവ നമുക്ക് ജീവസഹായം നൽകുന്നില്ല. എന്നാൽ ഈ അത്ഭുതവാനായവന്റെ പ്രകൃതത്തിനനുസരിച്ച് നിങ്ങൾ ജീവിക്കുകയും അവനെന്ന വ്യക്തിക്കനുസരിച്ച് നിങ്ങൾ നീങ്ങുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് സമൃദ്ധമായി ജീവസഹായം നൽകപ്പെടുകയും, നിങ്ങളിലൂടെ മറ്റുള്ളവർക്ക് ജീവസഹായം നൽകപ്പെടുകയും ചെയ്യും. ഇതാണ് ഇന്ന് സഭാജീവിതത്തിന് ആവശ്യമായിരിക്കുന്നത്.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭാജീവിതം ക്രിസ്തുമതത്തിൽനിന്നും തികച്ചും സമ്പൂർണമായും വ്യത്യസ്തമാണ്. നാം വ്യത്യസ്തരായതുകൊണ്ട്, ദൈവദൂഷകരെന്ന് നമ്മെ കുറ്റംവിധിക്കുന്നു. നാം വ്യത്യസ്തരാണെന്ന് ഞാൻ സമ്മതിക്കുന്നു, എന്നാൽ നാം ദൈവദൂഷകരെന്ന് ഞാൻ സമ്മതിക്കുന്നില്ല. വേദപുസ്തകത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സ്വർഗത്തിൽനിന്നുള്ള വെളിച്ചത്തോടുകൂടെ നിർമലമായ വചനപ്രകാരമാണ്. പരമ്പരാഗതമായ ഉപദേശങ്ങൾ നാം ശ്രദ്ധിക്കുന്നില്ല. നാം വേദപുസ്തകത്തിലെ നിർമലമായ ദൈവവചനത്തെ മാത്രമേ അനുഗമിക്കുന്നുള്ളൂ. പാരമ്പര്യത്തിൽനിന്നും നാം തികച്ചും വ്യത്യസ്തരാണെങ്കിലും, നാം പൂർണമായും വേദപുസ്തകപ്രകാരമുള്ളവരാണ്.

ജീവപ്രമാണത്തിന്റെ പ്രവർത്തനവും അഭിഷേകത്തിന്റെ നീക്കവും നമ്മിൽ പുത്രത്വത്തെ പൂർത്തീകരിക്കും. നാം എല്ലാവരും പുത്രത്വത്തിന് നിയോഗിക്കപ്പെട്ടവരും ദൈവത്തിന്റെ പൂർണ്ണ പുത്രന്മാരായിത്തീരുവാനുള്ള പ്രക്രിയയിലൂടെ ഇപ്പോൾ കടന്നുപോകുന്നവരുമാണ്. ഇന്ന് നമ്മുടെ ന്യായപ്രമാണം ജീവപ്രമാണവും നമ്മുടെ പ്രവാചകൻ അഭിഷേകവുമാണ്. നാം കണ്ടതുപോലെ ഈ പ്രമാണം ക്രിസ്തുവിന്റെ പ്രകൃതത്തിനനുസരിച്ചും ഈ പ്രവാചകൻ അവനെന്ന വ്യക്തിക്കനുസരിച്ചും ആണ്. നാം അവന്റെ പ്രകൃതത്തിനനുസരിച്ചു ജീവിക്കുകയും അവനെന്ന വ്യക്തിക്കനുസരിച്ച് നീങ്ങുകയും ചെയ്യുന്നു. ഇതാണ് നമ്മുടെ നിലപാട്. നാം എല്ലാവരും ഇതു കാണേണ്ടതിനായി ഞാൻ കർത്താവിലേക്കു നോക്കുന്നു. ഇത്

സഭാജീവിതത്തിലുള്ള സകല വിശുദ്ധന്മാർക്കും ശുശ്രൂഷിക്കപ്പെടണം. അക്ഷരങ്ങളിലുള്ള ഉപദേശങ്ങളെ നാം ശ്രദ്ധിക്കുന്നില്ല; പുറമെയുള്ള അത്ഭുതങ്ങളെയും നാം ശ്രദ്ധിക്കുന്നില്ല. ഉള്ളിലെ ജീവപ്രമാണത്തിനും ഉള്ളിലെ അഭിഷേകത്തിനുംവേണ്ടി മാത്രമേ നാം കരുതുന്നുള്ളൂ.

നമ്മുടെ ദൈവം യഥാർഥവാനും ജീവനുള്ളവനുമാണ്. അവൻ യഥാർഥവാനും നമ്മുടെ ഉള്ളിൽ ജീവിക്കുന്നവനുമായിരിക്കുന്നത്, മതത്തിനനുസരിച്ചോ നമ്മുടെ മാനുഷിക ചിന്തയ്ക്കനുസരിച്ചോ അല്ല. ജഡാവതാരത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും പുത്രനിൽ കടന്നുപോകുകയും, ദിവ്യത്വവും മനുഷ്യത്വവും ഉള്ളവനായിത്തീരുകയും ചെയ്തിട്ട്, അവൻ അത്ഭുതകരമായ ഒരു പ്രകൃതത്തോടുകൂടെ ജീവനുള്ള വ്യക്തിയായി നമ്മിലേക്കു വന്നിരിക്കുന്നു. അവന്റെ പ്രകൃതം നമ്മുടെ ഉള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവന്റെ പ്രകൃതത്തിന്റെ പ്രവർത്തനം ജീവപ്രമാണത്തിന്റെ പ്രവർത്തനമാണെന്നും, അവനെന്ന വ്യക്തിയുടെ നീക്കം അഭിഷേകമാണെന്നും നാം കണ്ടു. സഭാജീവിതത്തിൽ നാം ഉപദേശത്തെയും, പഠിപ്പിക്കലിനെയും, അത്ഭുതങ്ങളെയും, "വരങ്ങളെയും" കുറിച്ച് കരുതുന്നില്ല. നാം ദിവസവും ജീവനുള്ള ഒരു വ്യക്തിയുമായും അവന്റെ അത്ഭുതകരമായ പ്രകൃതവുമായും ഇടപെടുന്നു. നമ്മുടെ ആളത്തത്തിലേക്ക് അവന്റെ മൂലകത്തെ വ്യാപിപ്പിക്കുവാൻ നമ്മുടെ ഉള്ളിൽ പ്രവർത്തിച്ചുകൊണ്ട്, അവന്റെ പ്രകൃതം എപ്പോഴും മാറ്റമില്ലാതെ തുടരുന്നു. അവന്റെ അഭികഷേകം തുടർച്ചയായി നമ്മുടെ പ്രവൃത്തികളിലും, നീക്കങ്ങളിലും, പെരുമാറ്റത്തിലും നമ്മെ വഴികാട്ടുന്നു. അവന്റെ പ്രകൃതത്താലും അവനെന്ന വ്യക്തിയാലുമാണ് നാം ജീവിക്കുകയും നീങ്ങുകയും ചെയ്യുന്നത്. ഈ രീതിയിൽ അവൻ നമ്മുടെ ആളത്തത്തിലേക്ക് അവനെത്തന്നെ ക്രമേണ പണിതുചേർക്കുന്നു. അവൻ എത്രമാത്രം നമ്മിലേക്ക് പണിതുചേർക്കപ്പെടുന്നുവോ, അത്രമാത്രം നാം തികവിലും തേജസ്കരണത്തിലും ദൈവത്തിന്റെ പുത്രന്മാരായിത്തീരുന്നു. നാം ഇതു കാണുന്നുവെങ്കിൽ, മറ്റു കാര്യങ്ങളാൽ വ്യതിചലിക്കപ്പെടുകയില്ല. ക്രിസ്തുമതം ഒരു മതമാണ്, എന്നാൽ സഭ ജീവന്റെ ഒരു കാര്യമാണ്. ഈ ജീവൻ ജഡാവതാരത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോകുകയും, ഇപ്പോൾ ദിവ്യത്വവും മനുഷ്യത്വവുമുള്ളവനായി ജീവൻ-നൽകുന്ന ആത്മാവായ അത്ഭുതവാനായ ഒരുവനാണ്. നാം അവന്റെ പ്രകൃതമനുസരിച്ച് ജീവിക്കുകയും അവന്റെ അഭിഷേകമനുസരിച്ച് നീങ്ങുകയും ചെയ്യുമ്പോൾ, നാം പുത്രത്വത്തിൽ വിളയുകയും ഉൾപ്രാപണത്തിനുവേണ്ടി ഒരുക്കപ്പെടുകയും ചെയ്യുന്നതുവരെ വളരുകയും, സാന്ദ്രീകരിക്കപ്പെടുകയും, രൂപാന്തരപ്പെടുകയും, അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യും. അപ്പോൾ അവനെ എതിരേൽക്കുവാൻ നാം ഒരുക്കമുള്ളവരായിരിക്കും.